LIBRARY ARCHIVES Kerala Legislative Assembly

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

273(287) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് കൂടുതൽ ഉയർന്ന പലിശ നൽകിയും വായ്പകൾക്ക് ഉയർന്ന പലിശ ഈടാക്കിയും സാമ്പത്തിക മേഖലയിൽ നടത്തുന്ന അനാരോഗ്യകരമായ മത്സരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ഇവയുടെ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാരിന് പ്രത്യേക നിയമങ്ങൾ നിലവിലില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ-സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ സാമ്പത്തികഭദ്രത സംബന്ധിച്ച് നിക്ഷേപകർക്ക് ഉറപ്പുനൽകുവാൻ പ്രാപ്തമായ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിന്മേൽ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ 7-8-2018-ലെ R-11017/31/2012-l&m (Part II) നമ്പർ നോട്ടീസ് പ്രകാരം എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും ചുവടെ ചേർക്കും പ്രകാരം നോട്ടീസ് സംഘങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. " Multi-state co-operative societies are functioning as autonomous co-operative organizations accountable to their members and not under the administrative control of Central Registrar, Ministry of Agriculture and Farmers' Welfare. Therefore, the depositors/members are advised to take decision for

LIBRARY ARCHIVES Kerala Legislative Assembly

investing deposits based on the performance of the society at their own risk. Central Registrar, Ministry of Agriculture and Farmers' Welfare does not provide any guarantee for these deposits" . ടി നിർദ്ദേശത്തെ തുടർന്ന് ആയത് നടപ്പിൽ വരുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെയും പ്രവേശന കവാടത്തിൽ പ്രദർശിപ്പിക്കുന്നതിനും ആയത് ഉറപ്പു വരുത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കാർഷിക സംഘങ്ങൾക്ക് വായ്പ ഇനത്തിൽ അനുവദിക്കാനുള്ള തുക

274(288) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാർഷിക സഹകരണ സംഘങ്ങൾ നൽകിയ പലിശരഹിത ഹ്രസ്വകാല വായ്പകളുടെ സബ്സിഡി ഇനത്തിൽ ഇതുവരെയായി എത്ര കോടി രൂപ അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 32,47,29,335 രൂപ അനുവദിച്ച് നൽകുവാനുണ്ട്.

(ബി) അഞ്ച് കോടി രൂപ വരെ പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ള സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലായതിനാൽ ടി തുക എന്നനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2011-12 മുതൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിളവ് നല്കുന്നതിനായി "ഉത്തേജന പലിശയിളവ് പദ്ധതി" നടപ്പാക്കിവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ജില്ലകളിൽനിന്നും ലഭ്യമാകുന്ന ക്ലെയിം സ്റ്റേറ്റുമെന്റ് പ്രകാരം അതത് വർഷം ജില്ലകൾക്ക് അനുവദിച്ച് നൽകുന്നുണ്ട്. മേൽപ്രകാരം 2020-21 സാമ്പത്തികവർഷം വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 2014 മാർച്ച് മാസം വരെയുള്ള തുക സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇനിയും അനുവദിച്ചുനൽകുവാനുള്ള തുക ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 18,06,73,149 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.